# കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ഹിന്ദി വിഭാഗം - സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

---

ഉത്തരവ് നം.എ4/3162/2019/കോവി.വ  തീയതി. 20/06/2019

---

പരാമർശം:- 1) 13/11/2018 തീയതിയിൽ ശ്രീ.ഫ്രാൻസിസ് റ്റി.എം. ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി മുമ്പാകെ സമർപ്പിച്ച പരാതി.

2) 07/06/2019 തീയതിയിലെ കോളേജ് വിദ്യാഭ്യാസ വകുപ്പ് വിജിലൻസ് സെല്ലിൽ നിന്നുള്ള വിസി/60057/2019/കോ.വി.വ നമ്പർ കുറിപ്പ്.

## ഉത്തരവ്

കട്ടപ്പന ഗവൺമെന്റ് കോളേജിലെ ഹിന്ദി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ.സോൾജി.കെ.തോമസിനെതിരെ സൂചന(1) പ്രകാരം ശ്രീ.ഫ്രാൻസിസ്.റ്റി.എം. പരാതി സമർപ്പിക്കുകയും ടി പരാതിയിൽമേൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടറായ ഡോ.ഡി.കെ.സതീഷ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൂചന(2) പ്രകാരം ഡോ.സോൾജി.കെ.തോമസ് കട്ടപ്പന ഗവൺമെന്റ് കോളേജിൽ തുടരുന്നത് ടി കോളേജിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കും എന്നും ആയതിനാൽ ഡോ.സോൾജി.കെ.തോമസിനെ കട്ടപ്പന ഗവ.ൺമെന്റ് കോളേജിൽ നിന്നും സ്ഥലം മാറ്റി നിയമിയ്ക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ ഡോ.സോൾജി.കെ.തോമസിനെ കട്ടപ്പന ഗവൺമെന്റ് കോളേജിൽ നിന്നും ഇ.കെ.എൻ.എം.ഗവൺമെന്റ് കോളേജ്, എളേരിത്തട്ടിൽ നിലവിലുള്ള ഒഴിവിൽ ഉടൻ പ്രാബല്യത്തിൽ സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു. ടി സ്ഥലംമാറ്റം മൂലം ഗവൺമെന്റ് കോളേജ് കട്ടപ്പനയിൽ ഉണ്ടാവുന്ന ഒഴിവിൽ ഗവൺമെന്റ് കോളേജ്, മാനന്തവാടി യിലെ ഹിന്ദി അദ്ധ്യാപികയായ പ്രണീത.പി.യ്ക്ക് സ്ഥലംമാറ്റം നൽകിയും ഉത്തരവാകുന്നു. സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ വിടുതൽ ചെയ്തതും റീജോയിൻ ചെയ്തതുമായ വിവരങ്ങൾ RTC സഹിതം അതാത് പ്രിൻസിപ്പാൾമാർ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ഹരിത വി കുമാർ ഐഎഎസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
2. ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
3. അക്കൗണ്ടന്റ് ജനറൽ, കോട്ടയം
4. കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

0597188 GOVERNMENT OF KERALA